## കേരള സർക്കാർ

### സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്ത് - 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-1 – സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

### തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.2816/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 16/11/2013

പരാമർശം:- 1) 26/03/2013-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-8349/13 നമ്പർ കത്ത്.
2) 27/09/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പിറ്റി3/9476/13 നമ്പർ കത്ത്.

### <u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 പ്രകാരം, ഗ്രാമസമൃദ്ധി പച്ചക്കറി-മരച്ചീനി കൃഷി എന്ന പ്രോജക്ടിനായി വിഭാവനം ചെയ്തതിന് വിരുദ്ധമായി 13,500/- രൂപ ചെലവഴിച്ച നടപടി ഓഡിറ്റ് നിരാകരിച്ചിരുന്നു.

ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ 2008-09 വർഷത്തിൽ ഖണ്ഡിക 3-1-ലെ പരാമർശം സംബന്ധിച്ച് കൃഷി ഓഫീസറുടെ വിശദീകരണം ശരിയാണെന്ന് ഭരണസമിതിയ്ക്ക് ബോദ്ധ്യപ്പെട്ടതിനാലും സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലാത്തതിനാലും ടി ചെലവിന് സാധൂകരണം നൽകണമെന്ന 22/10/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 146/12-ാം നമ്പർ തീരുമാനം പരാമർശം ഒന്ന് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, കൂടുതൽ യൂണിറ്റുകൾ കൃഷി ചെയ്ത ഗ്രൂപ്പുകൾക്ക് ആനുപാതികമായി കൂടുതൽ തുക നൽകുകയാണുണ്ടായതെന്നും, മാനദണ്ഡ പ്രകാരമാണ് സബ്സിഡി നൽകിയതെന്നും, പഞ്ചായത്തിനോ സർക്കാരിനോ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയുടെയും ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1-ൽ തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ്

റിപ്പോർട്ട് ഖണ്ഡിക 3-1-ൽ തടസ്സപ്പെടുത്തിയ 13,500/- രൂപ (പതിമൂന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.എസ്. റഷീദ,

അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

സെക്രട്ടറി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ